## അവശ്രൈക്രസ്തവ കോർപ്പറേഷൻ നടപ്പിലാക്കിവരുന്ന പദ്ധതികൾ

1132. [1708] ശ്രീ. ഇ. മൂസ്സക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) അവശ ക്രൈസ്തവ കോർപ്പറേഷൻ നടപ്പിലാക്കി വരുന്ന പദ്ധതികൾക്കായി 1984-85, 1985-86, 1986-87 എന്നീ വർഷങ്ങളിൽ എന്തുതുക വീതം മാറ്റി വച്ചിരുന്നു ;

(ബി) ഇതിൽ ഓരോ വർഷവും ചിലവായ തുകയെത്ര ;

(സി) ഈ കോർപ്പറേഷന്റെ രേണച്ചിലവ് പ്രതിവർഷം എത്ര രൂപയാണ് ;

(ഡി) ഈ കോർപ്പറേഷൻ വായ്പ നൽകിയതിൽ ക്രമക്കേടുകൾ കാണിച്ചതായി എവിടെ നിന്നെങ്കിലും പരാതി ഉണ്ടായിട്ടുണ്ടോ ?

ഉത്തരം

| | വർഷം | തുക രൂപ |
|---|---|---|
| (എ) | 1984–85 | 5,00,000 |
| | 1985–86 | 1,25,000 |
| | 1986–87 | 3,50,000 |
| (ബി) | 1984–85 | 5,00,000 |
| | 1985–86 | 1,25,000 |
| | 1986–87 | 1,00,000 |

(സി) ഏതാണ്ട് 7,62,000 രൂപ

(ഡി) ഇല്ല

## സ്പെഷ്യൽ കമ്പോണന്റ് പദ്ധതിപ്രകാരം ചെലവായ തുക

1133. [1709] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്പെഷ്യൽ കമ്പോണന്റ് പദ്ധതിപ്രകാരം 1982 ഏപ്രിൽ 1 മുതൽ 1986 സെപ്റ്റംബർ 30 വരെ കിളിമാനൂർ അസംബ്ലി നിയോജകമണ്ഡലത്തിലെ കിളിമാനൂർ, മുദാക്കൽ, നാവായിക്കുളം, പഴയകുന്നിൽമേൽ, പള്ളിക്കൽ, കരവാരം, മടവൂർ, പുളിമാത്ത് എന്നീ പഞ്ചായത്തുകളിൽ ഏതെല്ലാം പദ്ധതികൾക്കുവേണ്ടി മൊത്തം എന്തു തുക ചെലവായിട്ടുണ്ട് ;

(ബി) അതിന്റെ പ്രയോജനം ഓരോ പഞ്ചായത്തിലും എത്രപേർക്ക് ലഭ്യമായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ലഭ്യമായ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ബി) ഡി.ആർ.ഡി.എ., ജില്ലാ പട്ടികജാതി-ക്ഷേമ ഓഫീസ്, ജില്ലാ വ്യവസായകേന്ദ്രം എന്നിവയിൽനിന്നുള്ള വിവരം ശേഖരിച്ചുവരുന്നു.

*അനുബന്ധം III

LIBRARY ARCHIVES Kerala Legislative Assembly